DESPATCHED
On. 10/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 1137*(2)/2019*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **21255**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാജു കെ.വി.,
കോട്ടയിൽ ഹൗസ്,
ആറാട്ടുതറ പി.ഒ.,
മാനന്തവാടി – 670 645. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ഹെഡ് മാസ്റ്റർ,
ജി.വി.എച്ച്.എസ്.എസ്.,
മാനന്തവാടി, വയനാട് ജില്ല – 670 645. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.11.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.11.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.12.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.12.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രാജു കെ.വി., 18.12.2019ന് സമർപ്പിച്ച പരാതി ഹർജി 24.12.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.1137(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 02.11.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2019-20 അധ്യയന വർഷം നടന്ന സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുവദിച്ച് നൽകണമെന്നാണ്.

1) സ്കൂൾ തല സംഘഗാനം (എച്ച്.എസ്) വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഗ്രൂപ്പിൽ ഉൾപ്പെട്ട കുട്ടികളുടെ പേരു വിവരം നൽകണമെന്നും

2) പ്രസ്തുത ഗ്രൂപ്പിൽ നിന്നും ഉപജില്ലാ കലോത്സവത്തിൽ പങ്കെടുക്കാത്ത കുട്ടികളുടെ പേരു വിവരം നൽകണമെന്നും

3) ഉപജില്ലാ കലോത്സവത്തിൽ പങ്കെടുക്കുന്നതിന് അവസരം നിഷേധിക്കപ്പെട്ടവർക്ക് പകരം ഉൾപ്പെടുത്തിയ കുട്ടികളുടെ പേരു വിവരം നൽകണമെന്നും

4) ഇപ്രകാരം കുട്ടികളെ നീക്കം ചെയ്യുന്നതിനും ഉൾപ്പെടുത്തുന്നതിനും സ്കൂൾ കലോത്സവ മാന്വൽ പ്രകാരം സ്കൂൾ അധികൃതർക്ക് അധികാരമുണ്ടോയെന്നും

5) സ്കൂൾതല മത്സരങ്ങളിൽ പങ്കെടുക്കാത്തതും അല്ലെങ്കിൽ പങ്കെടുത്തിട്ടും അർഹത നേടാത്തതുമായ എത്ര കുട്ടികൾ ഏതെല്ലാം ഇനങ്ങളിൽ ഉപജില്ലാ കലോത്സവത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 11.11.2019ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 21.01.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 04.11.2019ന് 12.25മണിക്ക് നൽകിയ വിവരാകാശ അപേക്ഷ ടി ഓഫീസിൽ സ്വീകരിക്കുകയും മറുപടി വിശദമായ രീതിയിൽ 11.11.2019ന് തയ്യാറാക്കി പ്രധാനാധ്യാപകൻ ഒപ്പിടുകയും ആയത് 14.11.2019ന് മാനന്തവാടി തപാലാഫീസ് വഴി അയയ്ക്കുകയും ചെയ്തുവെന്നും കമ്മീഷന്റെ 16.01.2020ന് ലഭിച്ച കത്തിന്റെ മറുപടിയും ഹർജിക്കാരൻ നൽകിയ അപേക്ഷയുടെ കോപ്പിയും മറുപടി നൽകിയതിന്റെ പകർപ്പുകളും മേൽ നടപടിയ്ക്കായി ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്.

5. 03.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമം വകുപ്പ്

7(8)(iii) പ്രകാരമല്ല മറുപടി നൽകിയിരിക്കുന്നതെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Ge/